# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**

ഒക്ടോബർ 20, 2016

## സോവറിൻ സ്വർണ്ണബോണ്ട് പദ്ധതി 2016 - 17. സീരിസ് III

റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ, ഗവൺമെന്റ് ഓഫ് ഇൻഡ്യയുമായി പര്യാലോചിച്ച് സോവറിൻ സ്വർണ്ണബോണ്ടുകളുടെ സീരിസ് III പുറപ്പെടുവിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബോണ്ടുകൾക്കുള്ള അപേക്ഷകൾ 2016 ഒക്ടോബർ 24 മുതൽ 2016 നവംബർ 2 വരെ സ്വീകരിക്കപ്പെടും. ബോണ്ടുകൾ 2016 നവംബർ 17 ന് വിതരണം ചെയ്യും. ബോണ്ടുകൾ, ബാങ്കുകൾ, സ്റ്റോക്ക് ഹോൾഡിംഗ് കോർപ്പൊറേഷൻ ഓഫ് ഇൻഡ്യാ ലിമിറ്റഡ് (SHCIL), തിരഞ്ഞെടുത്ത പോസ്റ്റ് ഓഫീസുകൾ, അംഗീകൃത സ്റ്റോക്ക് എക്സ്ചേഞ്ചുകൾ; ഉദാ: നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇൻഡ്യ ലിമിറ്റഡ്, ബോംബേ സ്റ്റോക്ക് എക്സ്ചേഞ്ച് എന്നിവയിലൂടെ വില്ക്കപ്പെടും. ബോണ്ടിന്റെ പ്രത്യേകതകൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വക | വിവരങ്ങൾ |
|---|---|---|
| 1 | ഉല്പന്നത്തിന്റെ പേര് | സോവറിൻ സ്വർണ്ണ ബോണ്ട് 2016-17 സീരിസ് III |
| 2 | പുറപ്പെടുവിക്കൽ | ഗവൺമെന്റ് ഓഫ് ഇൻഡ്യയ്ക്ക് വേണ്ടി റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ പുറപ്പെടുവിക്കുന്നത്. |
| 3 | നിക്ഷേപത്തിനുവേണ്ട യോഗ്യത | വ്യക്തികൾ, HUFs, ട്രസ്റ്റുകൾ, സർവ്വകലാശാലകൾ, ചാരിറ്റബിൾ സൊസൈറ്റികൾ എന്നിവകളുൾപ്പെടെ, ഭാരതീയ തദ്ദേശ സ്ഥാപനങ്ങൾക്ക് വില്ക്കാൻ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. |
| 4 | ഡിനോമിനേഷൻ | ഒരു ഗ്രാം അടിസ്ഥാനഘടകമായി കണക്കാക്കി സ്വർണ്ണം ഗ്രാമുകളുടെ ഗുണിതങ്ങളായി. |
| 5 | കാലാവധി (Tenor) | ബോണ്ടിന്റെ കാലാവധി (Tenor) 8 വർഷമായിരിക്കും. പലിശനൽകേണ്ടതീയതികളിൽ, 5-ാം വർഷം, വേണമെങ്കിൽ പണമാക്കിമാറ്റാം. |
| 6 | ഏറ്റവും കുറഞ്ഞ നിക്ഷേപം | ഏറ്റവും കുറഞ്ഞ നിക്ഷേപം ഒരു ഗ്രാം സ്വർണ്ണം |
| 7 | ഏറ്റവും കൂടിയ നിക്ഷേപ പരിധി | ഒരു സാമ്പത്തിക വർഷത്തിൽ (ഏപ്രിൽ - മാർച്ച്) ഒരു വ്യക്തി / സ്ഥാപനം 500 ഗ്രാം സ്വർണ്ണം കൂടിയ പരിധിയായി |

| | | |
|---|---|---|
| | | നിശ്ചയിച്ചിരിക്കുന്നു. ഇക്കാര്യം കാണിക്കുന്ന സ്വന്തം പ്രഖ്യാപനം വാങ്ങണം. |
| 8 | കൂട്ടുനിക്ഷേപം | കൂട്ടുനിക്ഷേപമാകുമ്പോൾ, ഏറ്റവും കൂടിയ നിക്ഷേപപരിധിയായ 500 ഗ്രാം ഒന്നാമത്തെ അപേക്ഷകന്റെ പേരിൽ മാത്രം കണക്കാക്കും. |
| 9 | ഇഷ്യൂവില | നിക്ഷേപകാലത്തിനുതൊട്ടുമുമ്പുള്ള വാരത്തിൽ (തിങ്കൾ മുതൽ വെള്ളിവരെ) ഇൻഡ്യൻ ബുള്ള്യൻ ആൻഡ് ജൂവല്ലേഴ്സ് അസോസിയേഷൻ ലിമിറ്റഡ് പ്രസിദ്ധീകരിക്കുന്ന 999 പരിശുദ്ധിയുള്ള സ്വർണ്ണത്തിന്റെ സാധാരണ ശാരാശരി വിലയായിരിക്കും ഇൻഡ്യൻ രൂപയിൽ ബോണ്ടുകളുടെ വിലയായി നിശ്ചയിക്കുക. **സ്വർണ്ണ ബോണ്ടിന്റെ ഇഷ്യൂവില ഗ്രാമിന് നോമിനൽ വിലയേക്കാൾ 50 രൂപ കുറവായിരിക്കും.** |
| 10 | പണമാക്കാനുള്ള അവകാശം. | ഏറ്റവും കൂടുതൽ 20000 രൂപ വരെ രൊക്കം പണമായിനൽകും; അല്ലെങ്കിൽ ഡ്രാഫ്റ്റ്, ചെക്ക്, ഇലക്ട്രോണിക് ബാങ്കിംഗ് എന്ന രീതികളിലായിരിക്കും. |
| 11 | ഇഷ്യൂവിന്റെ രൂപം | ജി. എസ്. ആക്ട് 2006-ൻ കീഴിൽ ഗവൺമെന്റ് ഓഫ് ഇൻഡ്യ കടപ്പത്രം, നിക്ഷേപകർക്ക് ഹോൾഡിംഗ് സർട്ടിഫിക്കറ്റുകൾ നൽകപ്പെടും. ഡിമാറ്റ് രൂപത്തിലാക്കാൻ ബോണ്ടുകൾക്ക് അർഹതയുണ്ട്. |
| 12 | പണമാക്കിമാറ്റുമ്പോഴുള്ള വില (Redemption price) | ഇൻഡ്യൻ രൂപയിൽ പണമാക്കിമാറ്റാം. തൊട്ടുമുമ്പത്തെ വാരത്തിൽ (തിങ്കൾ മുതൽ വെള്ളി വരെ) ഐബിജെഎ (IBJA) പ്രസിദ്ധപ്പെടുത്തിയ 999 പരിശുദ്ധിയുള്ള സ്വർണ്ണത്തിന്റെ സാധാരണ ശരാശരി വിലയെ അടിസ്ഥാനമാക്കിയായിരിക്കും ഈ വില നിശ്ചയിക്കുക. |
| 13 | വില്ക്കാനുള്ള ചാനലുകൾ | ബാങ്കുകൾ, സ്റ്റോക്ക് ഹോൾഡിംഗ് കോർപ്പറേഷൻ ഓഫ് ഇൻഡ്യാ ലിമിറ്റഡ് (SHCIL), നിയുക്ത പോസ്റ്റ് ഓഫീസുകൾ (അവ വിജ്ഞാപനം ചെയ്യപ്പെടും) അംഗീകൃത സ്റ്റോക്ക് എക്സ്ചേഞ്ചുകൾ; ഉദാ: നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ലിമിറ്റഡ്, ബോംബേ സ്റ്റോക്ക് എക്സ് ചേഞ്ച് എന്നിവയിലൂടെ നേരിട്ടോ ഏജന്റുകൾ വഴിയോ ബോണ്ടുകൾ വില്ക്കാം. |
| 14 | പലിശനിരക്ക് | **പ്രതിവർഷം നോമിനൽ വിലയുടെ 2.50%** |

| | | |
|---|---|---|
| | | **എന്ന നിശ്ചിത പലിശ നിരക്ക് നിക്ഷേപകന് നൽകും. അർദ്ധവാർഷികമായിട്ടായിരിക്കും പലിശ നൽകുക.** |
| 15 | ജാമ്യരൂപത്തിൽ | വായ്പകൾക്ക് ജാമ്യമായി ബോണ്ടുകളെ ഉപയോഗിക്കാം. വായ്പാ / മൂല്യം അനുപാതം (Loan to Value ratio), റിസർവ് ബാങ്ക് കാലാകാലം നിശ്ചയിക്കുന്ന സാധാരണ സ്വർണ്ണ വായ്പയ്ക്കു തുല്യമായിരിക്കും. |
| 16 | കെവൈസി രേഖകൾ | സ്വർണ്ണം വാങ്ങുമ്പോൾ നൽകേണ്ട അതേ കെവൈസി രേഖകൾ. കെവൈസി രേഖകളായ വോട്ടർ ഐഡി, ആധാർ കാർഡ് / പാൻ ടാൻ (TAN) പാസ്പോർട്ട് ഇവ ഏതെങ്കിലും നല്കണം. |
| 17 | നികുതി സംബന്ധമായ കാര്യങ്ങൾ | 1961 ലെ ഇൻകംടാക്സ് ആക്ട് (43/1961) പ്രകാരം, സ്വർണ്ണ ബോണ്ടുകളിൽ നിന്നു നേടുന്ന പലിശവരുമാനം നികുതിയ്ക്ക് വിധേയം. സോവറിൻ സ്വർണ്ണ ബോണ്ടുകൾ (SGB) പണമാക്കിമാറ്റുമ്പോഴുള്ള ക്യാപിറ്റൽ ഗയിൻസ് നികുതി വ്യക്തികളുടെ കാര്യത്തിൽ ഒഴിവാക്കിയിട്ടുണ്ട്. ബോണ്ട് കൈമാറുമ്പോൾ ദീർഘകാല ക്യാപ്പിറ്റൽ ഗയിൻസിന് ഒരാൾക്ക് നൽകിവരുന്ന ഇൻഡക്സേഷൻ ആനുകൂല്യങ്ങൾ (indexation benefits) നൽകപ്പെടും. |
| 18 | ക്രയവിക്രയക്ഷമത | ബോണ്ടുകൾ വിതരണം ചെയ്ത് രണ്ടാഴ്ചകൾക്കുള്ളിൽ, റിസർവ് ബാങ്ക് വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ എക്സ്ചേഞ്ചുകളിലും, എൻഡിഎസ് - ഓഎം (NDS-OM) എന്നിവയിലും ക്രയവിക്രയം ചെയ്യാം. |
| 19 | SLR യോഗ്യത | സ്റ്റാറ്റിയൂട്ടറി ലിക്വിഡിറ്റി റേഷ്യോയ്ക്ക് ഈ ബോണ്ടുകൾ യോഗ്യതയുള്ളവയാണ്. |
| 20 | കമ്മീഷൻ | നിക്ഷേപങ്ങൾ സ്വീകരിക്കപ്പെടുന്ന ഓഫീസുകളിൽ കിട്ടുന്ന ആകെ നിക്ഷേപത്തുകയുടെ 1% നിരക്കിൽ കമ്മിഷനായി ആ ആഫീസിനുലഭിക്കും. ഈ ഓഫീസുകൾ കിട്ടുന്ന കമ്മിഷന്റെ കുറഞ്ഞത് 50% ഏജന്റുമാരുമായോ, സബ് ഏജന്റുമാരുമായോ, അവരിലൂടെ ലഭിച്ച നിക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ പങ്കുവയ്ക്കണം. |

**അജിത് പ്രസാദ്**

**പ്രസ്സ് റിലീസ് 2016-2017/985** അസിസ്റ്റന്റ് അഡ്വൈസർ